ശ്രീ. പി. കെ. ചാത്തൻ : ഡിപ്പാർട്ടുമെന്റിൽ പ്രത്യേകം ഇൻസ്പെക്ടർ ഉണ്ടു് ; ആ ജോലി ചെയ്യാൻ.

ശ്രീ. ടി. കൃഷ്ണൻ : ഒരു സ്ത്രീയാണു് ആ ജോലി നടത്തുന്നതെന്നും, അവക്കു മിക്കവാറും എല്ലാ സ്ഥലത്തും ചെന്നെത്താനും ഈ സംബന്ധിച്ചു ജോലി നടത്താനും സാധിക്കുന്നില്ലെന്നുമറിയാമോ ?

ശ്രീ. പി. കെ. ചാത്തൻ : സ്ത്രീ ആയതുകൊണ്ടു് ശരിയായിട്ടു ജോലി ചെയ്യാൻ സാധിക്കുകയില്ല എന്നു പറയുന്നതു ശരിയല്ല. അങ്ങനെ ജോലി ശരിയായി നടത്തുന്നില്ല എന്ന പരാതിയും ഉണ്ടായിട്ടില്ല. നല്ല രീതിയിൽ അവരെക്കൊണ്ടു് ജോലി നടത്താൻ ശ്രമിക്കുന്നതാണു്.

സാക്ഷരതാ സാർവ്വത്രികമാക്കുന്നതിനുള്ള പദ്ധതി.

* 1297. [15] ശ്രീ. കെ. ശിവദാസൻ : താഴെ കാണുന്ന ചോദ്യത്തിനു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാക്ഷരതാ സാർവ്വത്രികമാക്കുന്നതിനും, തൊഴിലില്ലായ്മയ്ക്കു് ഒരു പരിഹാരമായിട്ടും നാട്ടിലെ എല്ലാ നിരക്ഷരരായ ആളുകളെയും സാക്ഷരരാക്കുന്ന ഒരു പദ്ധതി ആവിഷ്കരിക്കുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

അതിനു പ്രത്യേകം ഒരു പദ്ധതിയുമില്ല. ആറു വയസ്സു മുതൽ പതിനൊന്നു വയസ്സുവരെ പ്രായമുള്ള വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം നിർബ്ബന്ധിതവിദ്യാഭ്യാസപദ്ധതി ഇവിടെ നടപ്പാക്കിയിരിക്കുകയാണു്.

മുനിസിപ്പൽ അതിർത്തിയിലുള്ള സർക്കാർ വക ഭൂമി.

* 1298 [16] ശ്രീ. പി. ഗോവിന്ദപ്പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ അതിർത്തിയിലുള്ള സർക്കാർവക ഭൂമി പൊതു ആവശ്യങ്ങൾക്കായി മുനിസിപ്പാലിറ്റിക്കു് ഏറ്റുപിച്ചു കൊടുക്കുമോ ;

(ബി) കുത്തകപ്പാട്ടത്തിനു് സ്വകാര്യവ്യക്തികൾക്കു കൊടുത്തിട്ടുള്ള ഭൂമി തിരിച്ചെടുത്തു മുനിസിപ്പാലിറ്റികൾക്കു നൽകുന്ന പതിവുണ്ടോ ;

(സി) പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽനിന്നും മത്സ്യച്ചന്ത സ്ഥാപിക്കുന്നതിലേക്കു് ഒരു സ്വകാര്യവ്യക്തിയുടെ കൈവശമിരിക്കുന്ന കുത്തകപ്പാട്ടഭൂമി തിരിച്ചു വാങ്ങിത്തരണമെന്നു് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) മുനിസിപ്പൽ അതിർത്തിയിലുള്ള സർക്കാർ വക ഭൂമി പൊതു ആവശ്യത്തിനുവേണ്ടി മുനിസിപ്പാലിറ്റിയെ ഏറ്റുപിച്ചു കൊടുക്കുന്നുണ്ടു്.

(ബി) മുനിസിപ്പാലിറ്റികൾ ആവശ്യപ്പെട്ടാൽ, പൊതു ആവശ്യത്തിനാണെന്നു ബോദ്ധ്യപ്പെടുന്ന ഭൂമി അങ്ങനെ തിരിച്ചു് എടുക്കാറുണ്ടു്.

(സി) അപ്രകാരം ഒരപേക്ഷ ലഭിച്ചിരുന്നു. അതിൻപ്രകാരം, കുത്തകപ്പാട്ടക്കാരൻ ഭൂമി തിരിച്ചു കൊടുക്കണമെന്ന ഗവണ്മെന്റു് ഉത്തരവു നൽകിയിരിക്കുകയാണു്. എന്നാൽ, കുത്തകപ്പാട്ടക്കാരൻ ടി ഉത്തരവിന്റെ നിയമസാധുതയെപ്പറ്റി ഹൈക്കോടതിയിൽ റിട്ടു് പെറ്റീഷൻ കൊടുത്തിട്ടുള്ളതുകൊണ്ടു് ഉത്തരവു നടപ്പിലാക്കാൻ സാധിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly